**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.81 — 06.01.2014 ൽ മറുപടിയ്ക്ക്

**ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം സംബന്ധിച്ച ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകൾ സംബന്ധിച്ച് നിഷ്പക്ഷമായ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. |
| (ബി) റിപ്പോർട്ടുകളിൽ കേരളത്തിന്റെ പൊതുതാല്പര്യങ്ങൾക്ക് വിരുദ്ധമായതെന്ന് വിലയിരുത്തപ്പെടുന്ന ശുപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) (1) ഗാഡ്ഗിൽ റിപ്പോർട്ട്<br>1.പശ്ചിമഘട്ട പരിസ്ഥിതിയെ വിവിധ സോണുകളായി തരംതിരിക്കുന്നതിന് സമിതി അവലംബിച്ച അശാസ്ത്രീയ മാനദണ്ഡങ്ങൾ.<br>2. യാതൊരു അടിസ്ഥാനവുമില്ലാതെയാണ് ചില താലൂക്കുകളെ സോണിംഗിൽ ഉൾപ്പെടുത്തിയത്.<br>3. പശ്ചിമഘട്ട വികസന അതോറിറ്റി രൂപീകരണം.<br>4. 50 വർഷത്തിലേറെ പഴക്കമുള്ള ഡാമുകൾ ഡീകമ്മീഷൻ ചെയ്യണമെന്ന ശുപാർശ.<br>5. വിവിധ ആക്ടുകൾ പ്രകാരം നിലവിലുള്ള നിയന്ത്രണങ്ങൾ കഴിഞ്ഞ് ജനവാസം, കൃഷി, വികസന പ്രവർത്തനം എന്നിവയ്ക്ക് ലഭ്യമായ ഭൂമിയിൽ പുതിയ നിയന്ത്രണങ്ങൾ എന്നിവ ഏർപ്പെടുത്തുന്നത്.<br>(2) കസ്തൂരിരംഗൻ റിപ്പോർട്ട്<br>1. അന്യസംസ്ഥാനങ്ങൾക്കു പൊതുവിൽ ബാധകമാക്കിയ മാനദണ്ഡങ്ങൾ കേരളത്തിനു ബാധകമാക്കിയിട്ടില്ല. |

2. ചതുരശ്ര കിലോമീറ്ററിൽ ജനസാന്ദ്രത 100 ൽ കൂടിയ പ്രദേശങ്ങൾ സാംസ്ക്കാരിക ഭൂപ്രദേശങ്ങളായി (cultural landscape) നിശ്ചയിച്ചപ്പോൾ ഈ മാനദണ്ഡം പുലർത്തുന്ന കേരളത്തിലെ ജനാധിവാസ മേഖലകൾ പ്രകൃത്യ ഉള്ള ഭൂപ്രദേശങ്ങളാക്കുകയാണു ചെയ്തത് (natural landscape).

3. റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചതുമൂലവും, തോട്ടങ്ങളും, ഏലത്തോട്ടങ്ങൾ പോലെ ജനവാസമുള്ള പ്രദേശങ്ങൾ, ഉപഗ്രഹത്തിലൂടെ വനമായി ചിത്രീകരിക്കാൻ ഇടയായതുമൂലവും, ജനാധിവാസ മേഖലകൾ, പരിസ്ഥിതിലോല പ്രദേശമാക്കിയിട്ടുണ്ട്.

4. ചുവന്ന വിഭാഗം വ്യവസായങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിരോധിച്ചതുമൂലം ആശുപത്രികൾ തുടങ്ങുന്നതിന് തടസ്സമുണ്ടാകുന്നതാണ്. ഇത് ഒഴിവാക്കേണ്ടതാണെന്ന് ഇതിനകം തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം പൊതുതാല്പര്യത്തിനെതിരായ ശുപാർശകൾ സംബന്ധിച്ചുള്ള അഭിപ്രായം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുന്നതാണ്.

(സി) പശ്ചിമഘട്ട മലനിരകൾക്കും കടലോരത്തിനുമിടയിൽ വീതി കുറഞ്ഞ സമതലം മാത്രമുള്ള കേരളത്തിന്റെ നിലനിൽപ്പു തന്നെ മലനിരകളുടെ കാരുണ്യത്തിലാണെന്ന വസ്തുത ഉൾക്കൊണ്ട് ഈ പ്രശ്നത്തിൽ സമവായമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിലെ സംസ്ഥാന സർക്കാരിന്റെ നയം 21.10.2013 ൽ നടന്ന സർവ്വകക്ഷി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പ്രായോഗിക പരിസ്ഥിതി സംരക്ഷണത്തിന് എതിരല്ലെന്നും പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടത് സംസ്ഥാനത്തിന്റെ നിലനില്പിന് ആവശ്യമാണ് എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകളിൽ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനെതിരായവയും ജനങ്ങളിൽ

ആശങ്കകൾ ഉളവാക്കുന്നവയും ഒഴിവാക്കപ്പെടണമെന്നാണ് സർക്കാർ നിലപാട്. ജനങ്ങളെ ഒഴിവാക്കുന്ന ഒരു നയവും സർക്കാരിനില്ല. എന്നാൽ വരുംതലമുറകളുടെ ആവശ്യം കൂടി കണക്കിലെടുത്ത് ചില നിയന്ത്രണങ്ങൾ ആവശ്യവുമാണ്.

സെക്ഷൻ ഓഫീസർ

**HLWG & WGEEP അവലോകനം**

ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശപ്രകാരം പശ്ചിമഘട്ടത്തിന്റെ മൊത്തം വിസ്തൃതിയുടെ 37% മാത്രമാണ് പാരിസ്ഥിതിക മൃദുല പ്രദേശങ്ങളായി വരുന്നത്. ഇത് ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ 60,000 ചതുരശ്ര കിലോമീറ്ററിലായി വ്യാപിച്ചിരിക്കുന്നു. റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് HLWG പശ്ചിമഘട്ടത്തിലെ പാരിസ്ഥിതിക മൃദുല പ്രദേശങ്ങൾ മാർക്ക് ചെയ്തിട്ടുള്ളത്. ഇതിനായി ആദ്യം സാംസ്കാരികവും, പ്രകൃത്യായുള്ളതുമായ പശ്ചിമഘട്ട ഭൂപ്രദേശങ്ങൾ തമ്മിലുള്ള വേർതിരിവ് HLWG നിർണയിക്കുകയുണ്ടായി. മനുഷ്യവാസമുള്ള പ്രദേശങ്ങൾ, കൃഷിത്തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ ഉൾപ്പെടുന്ന സാംസ്കാരിക ഭൂപ്രദേശങ്ങൾ പശ്ചിമഘട്ടത്തിന്റെ 58.44% പ്രദേശത്തായി വ്യാപിച്ചിരിക്കുന്നു. പ്രകൃത്യാലുള്ള ഭൂപ്രദേശങ്ങളായി മാർക്ക് ചെയ്തിട്ടുള്ള ബാക്കി പ്രദേശത്തിന്റെ 90 ശതമാനത്തെയാണ് പരിസ്ഥിതി മൃദുല പ്രദേശമായി തിരിച്ചറിഞ്ഞിട്ടുള്ളത്. ഈ ഭാഗത്ത് ഖനനം, പാറ ഖനനം, മണൽ വാരൽ തുടങ്ങിയവ സമ്പൂർണമായി നിരോധിക്കണമെന്ന് പശ്ചിമഘട്ട ഉന്നതതലസമിതി (HLWG) ആവശ്യപ്പെടുന്നു. എന്നാൽ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതിയുടെ (WGEEP) റിപ്പോർട്ടിൽ പശ്ചിമഘട്ടത്തിന്റെ 90 ശതമാനം പ്രദേശത്തിലും ഖനനവും മറ്റും പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുക വളരെ ദുഷ്കരമായിരിക്കും.

അതുപോലെതന്നെ പശ്മിഘട്ടത്തിന്റെ വിസ്തൃതി WGEEP റിപ്പോർട്ടിനെ അപേക്ഷിച്ച് (1,29,037 ച.കി.മീ) HLWG റിപ്പോർട്ടിൽ (1,64,280 ച.കി.മീ.) കൂടുതലായിട്ടുണ്ട്. WGEEP യിൽ പരിസ്ഥിതി മൃദുല സോണുകൾ പരമ്പരാഗതമായുള്ള പശ്ചിമഘട്ടത്തിന്റെ അതിർത്തികളെപ്പോലും ലംഘിക്കുമ്പോൾ HLWG

പ്രകാരം പശ്ചിമഘട്ടത്തിന്റെ 37% മാത്രമാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ളത്. WGEEP റിപ്പോർട്ട് പ്രകാരം 978 പഞ്ചായത്തുകളിൽ 633 എണ്ണം ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക മൃദുല സോണുകളിൽ ഉൾപ്പെടുമ്പോൾ HLWG പ്രകാരം 123 വില്ലേജുകൾ മാത്രമാണ് പാരിസ്ഥിതിക മൃദുല സോണുകളിൽ വരുന്നത്. HLWG യുടെ നിർദ്ദേശമനുസരിച്ച് പരമ്പരാഗത പശ്ചിമഘട്ട പ്രദേശങ്ങൾ മാത്രമാണ് ഏറെക്കുറെ പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഉൾപ്പെടുന്നത്. HLWG നിർദ്ദേശിക്കുന്ന പരിസ്ഥിതി മൃദുല പ്രദേശങ്ങൾ ഏറെ ജൈവസമ്പുഷ്ടമായവയും വിഭജിക്കപ്പെടാത്തവയുമാണ്. അതേസമയം ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിൽ 100 ൽ താഴെയുള്ള പ്രദേശങ്ങളിൽ കുറഞ്ഞ തോതിൽ മുതൽ മധ്യമ തോതിൽവരെയുള്ള വനവിഭജനവും മികച്ച തോതിലുള്ള ജൈവവൈവിധ്യവും ഉള്ളവയാണ്. അതായത് കുറഞ്ഞ തോതിൽ മുതൽ മധ്യമ തോതിൽ വരെ ജൈവസമ്പത്തും വലിയ തോതിലുള്ള വന വിഭജനവും ഉള്ള പ്രദേശങ്ങളെ ഒഴിവാക്കിയിരിക്കുന്നു. അതുപോലെതന്നെ ജനസാന്ദ്രത ചതുരശ്ര കീലോമീറ്ററിന് 100 ലേറെയുള്ളതും മധ്യമതോതിലുള്ള വിഭജനം ഉള്ളതുമായ പ്രദേശങ്ങളെ പരിസ്ഥിതി മൃദുല പ്രദേശങ്ങൾ എന്ന വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പരിസ്ഥിതി മൃദുല പ്രദേശത്തിൽ 20% ന്റെ സാന്നിദ്ധ്യമാണ് വില്ലേജുകളെ പരിസ്ഥിതി മൃദുല ഗ്രാമങ്ങളായി രേഖപ്പെടുത്താനുപയോഗിച്ചിരിക്കുന്നത്.

സാധാരണ വനങ്ങൾക്കു പുറമെ 3802 ച.കി.മീറ്ററിലായി വ്യാപിച്ചിരിക്കുന്ന പ്രകൃത്യായുള്ള ഭൂപ്രദേശങ്ങൾ മാത്രമാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളായി തിരിച്ചറിയപ്പെടുകയും വർഗ്ഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളത്. പരിസ്ഥിതി മൃദുല പ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ള 123 വില്ലേജുകൾ ഇത്തരത്തിൽ വർഗ്ഗീകരിക്കപ്പെട്ടതിനു കാരണം അവയുടെ വിസ്തൃതിയുടെ 20% ത്തിലെങ്കിലും പരിസ്ഥിതി മൃദുല പ്രദേശങ്ങൾ ഉള്ളതിനാലാണെന്നും വ്യക്തമാണ്. ഈ പറഞ്ഞ മാനദണ്ഡങ്ങൾ അനുവർത്തിക്കപ്പെട്ടില്ലെങ്കിൽ HLWG യുടെ ശുപാർശകൾക്ക് ഒരു സാംഗത്യവുമില്ലാതെ വരും. കൂടാതെ ഇത് HLWG മായുള്ള ടേംസ് ഓഫ് റഫറൻസിന് അതീതമായി മാറുകയും ചെയ്യും. പാരിസ്ഥിതിക സംരക്ഷണം, സുസ്ഥിര വികസനം, തത്തുല്യമായ സാമ്പത്തിക, സാമൂഹിക വളർച്ച എന്നിവ തമ്മിൽ ഒരു സമന്വയം വേണമെന്ന് HLWG വിഭാവനം ചെയ്യുന്നു. പശ്ചിമഘട്ടത്തിന്റെ ചെറിയ വ്യാപ്തിയിലും ലളിതമായുമുള്ള സംരക്ഷണം ഇതിനെക്കാളേറെ വിശാലമായ രീതിയിൽ അസാധ്യമാണ്. HLWG റിപ്പോർട്ടിൽ സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആശങ്ക

കൾക്ക് സംസ്ഥനത്തിന്റെ താൽപര്യ പ്രകാരമുള്ള പരിഹാരങ്ങൾ തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുമുണ്ട്.

പശ്ചിമഘട്ടത്തിന്റെ സംരക്ഷണം, സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ അവശ്യഘടകമാണെന്നിരിക്കെ HLWG നിർദ്ദേശിച്ചിട്ടുള്ള ലളിതമായ കാര്യങ്ങൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. 1960 കളിൽ സംസ്ഥാനത്തെ 36 താലൂക്കുകളിൽ പശ്ചിമഘട്ട വികസന പദ്ധതി (Western Ghat Development Programme) നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രദേശത്തിന്റെ വ്യാപ്തി HLWG നിർദ്ദേശപ്രകാരമുള്ള പശ്ചിമഘട്ട പ്രദേശങ്ങളെക്കാളും വളരെ വിപുലമായിരുന്നു. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട ധനസഹായം, പുതുതായി നിർണ്ണയിക്കപ്പെട്ട പശ്ചിമഘട്ട പ്രദേശങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തണമെന്ന് HLWG നിർദ്ദേശിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ലോകപൈതൃക കേന്ദ്ര പദവി പശ്ചിമഘട്ടത്തിന് ലഭിച്ച സാഹചര്യത്തിൽ ഇത് ഒരു പ്രത്യേക പാരിസ്ഥിതിക മൃദുല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ഇതേസമയം നിലവിലുള്ള വനങ്ങൾക്കും ഭൂപ്രദേശങ്ങൾക്കുംമേൽ ഇത്തരത്തിലുള്ള വർഗ്ഗീകരണം ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ല. (സംരക്ഷണ കേന്ദ്രങ്ങൾക്ക് ഉള്ളിലാണ് ലോകപൈതൃക കേന്ദ്രം വരുന്നത്). വിശാലമായ സാംസ്കാരിക ഭൂപ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടതിന് കാരണമായി HLWG ചൂണ്ടിക്കാണിക്കുന്നത് സംരക്ഷിത കേന്ദ്രങ്ങളുടെ (PAs) പുറത്തുള്ള പാരിസ്ഥിതിക മൃദുല ഭൂപ്രദേശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതും അതേസമയം അവിടെ സംഘർഷാവസ്ഥകൾ ഒഴിവാക്കപ്പെടണമെന്നതുമാണ്. പശ്ചിമഘട്ട മൃദുല പ്രദേശങ്ങൾക്കുള്ളിലെ വനപ്രദേശങ്ങൾ നിശ്ചിത നിയമങ്ങളും വ്യവസ്ഥകളും പ്രകാരം സംരക്ഷിക്കപ്പെടുമെന്നിരിക്കെ പശ്ചിമഘട്ട മൃദുല പ്രദേശങ്ങൾക്ക് ലഭിക്കുന്നത് ഒരു അധിക സംരക്ഷണമായിരിക്കും.

HLWG പശ്ചിമഘട്ടത്തിന് 10 കി.മീ പരിധിയിലുള്ള പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു സുപ്രധാന ശുപാർശ മുന്നോട്ട് വച്ചിട്ടുണ്ട്. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006 ലെ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനപ്രകാരമുള്ള ക്ലിയറൻസ് നേടിയിരിക്കണമെന്നതാണിത്. എന്നാൽ ഇപ്പോൾതന്നെ ഈ ക്ലിയറൻസ് കൂടാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയില്ല എന്നതും ക്ലിയറൻസ് നേടിയ ശേഷമാണ് ഇപ്പോൾ ഇവ നടപ്പാക്കുന്നതെന്നതും ശ്രദ്ധേയമാണ്. നിയന്ത്രണവുമായി ബന്ധപ്പെട്ട് നിശ്ചിത വ്യവസ്ഥകൾ ഉണ്ടായില്ലെങ്കിൽ ഈ ശുപാർശ അപ്രായോഗികമായിരിക്കും.

പരിസ്ഥിതി നിയമങ്ങളുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങളിൽ ആധികാരിക കേന്ദ്രങ്ങൾ ഫലവത്തായി ഇടപെടാവുന്ന സാഹചര്യം ഇന്നുണ്ടെങ്കിലും ഇവ ഫലപ്രദ

മായി നടപ്പിലാക്കുന്ന സംവിധാനം ഇന്ന് നിലവിലില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിസ്ഥാനപരമായെങ്കിലും നടപ്പാക്കുന്നതിനുള്ള സംവിധാനമോ അധികാര കേന്ദ്രമോ സംസ്ഥാന സർക്കാരുകളുടെ കീഴിൽ രൂപപ്പെടുത്തുന്നത്, ഈ ശുപാർശകളും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും മറ്റും ഫലപ്രദമായി നടപ്പാക്കാൻ സഹായകരമാകും. അടിത്തട്ടിൽ പോലീസ് വകുപ്പിനെ കേന്ദ്രീകരിച്ച് ഇത്തരമൊരു നിർവ്വഹണ അതോറിറ്റി രൂപപ്പെടുത്തിയാൽ മതിയാകും. പരിസ്ഥിതി ഗാർഡുകൾ ആണ് മറ്റൊരു മാർഗ്ഗം. ഇതിനുള്ള ഫണ്ട് സംസ്ഥാന സർക്കാരിനു കേന്ദ്ര സർക്കാർ ലഭ്യമാക്കണം. കൂടാതെ പരിസ്ഥിതി വകുപ്പിന് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ട സാഹചര്യവും ധനസഹായവും ഒരുക്കേണ്ടതുണ്ട്.

നിയമസഭാ പ്രമേയം, രാഷ്ട്രീയ പാർട്ടികളുടെ കാഴ്ചപ്പാട് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഈ ശുപാർശകൾ വേണ്ടത്ര മാറ്റങ്ങളോടെ (പശ്ചിമഘട്ട പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഗ്രാമങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കൽ, ധനസഹായം ലഭ്യമാക്കൽ, പശ്ചിമഘട്ട പരിസ്ഥിതി മൃദുല പ്രദേശങ്ങൾക്ക് 10 കി.മീ പരിധിയിലുള്ള പ്രദേശങ്ങളിൽ റെഗുലേറ്റഡ് സോണുകൾ സ്ഥാപിക്കൽ തുടങ്ങിയ നിർദ്ദേശങ്ങൾ) പരിഗണിക്കേണ്ടതുണ്ട്.